(ബി) പ്രസ്തുത മേഖലയിൽ ഒരു 'മെഡിക്കൽ ഓഡിറ്റ് വിംഗ്' ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(സി) വൈദ്യചികിത്സാ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഇതുസംബന്ധിച്ച് ചില പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഇതുസംബന്ധിച്ച പരാതികൾ കിട്ടിയിട്ടില്ല. മരുന്നുകൾ നിർദ്ദേശിക്കുന്നതിലെ അനാരോഗ്യകരമായ പ്രവണതകൾ തടയാൻ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമധേയത്തിൽ മാത്രമേ മരുന്നുകൾ നിർദ്ദേശിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ചികിത്സാ മാർഗ്ഗരേഖ ഉത്തരവ് പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ നടപ്പിലാക്കുന്നതാണ്. രോഗനിർണ്ണയ സൗകര്യങ്ങൾ സർക്കാർ തലത്തിൽ വർദ്ധിപ്പിച്ചതും ഇത്തരം പ്രവണതകളുണ്ടെങ്കിൽ തടയുക എന്ന ഉദ്ദേശത്തോടു കൂടിയാണ്.

(ബി) ഒരു നയം എന്ന നിലയിൽ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല. മാതൃമരണ കാരണങ്ങളെക്കുറിച്ച് കർശനമായ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. പകർച്ചവ്യാധി മരണങ്ങളെക്കുറിച്ചും വിശകലനം നടത്തുന്നുണ്ട്.

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ കർശനമായ നിയന്ത്രണം സാധ്യമാകും.

ആരാധനാലയങ്ങളുടെ സ്ഥലം

8(*68) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എം. എ. ബേബി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ സ്വത്ത് സർക്കാർ കയ്യടക്കി വച്ചിട്ടുണ്ടോ : വ്യക്തമാക്കാമോ;

(ബി) സർക്കാർ ഒരു വിഭാഗത്തിന്റെ മാത്രം ആരാധനാലയങ്ങൾ ഏറ്റെടുക്കുകയും സ്വന്തം കൈക്കലാക്കുകയും ചെയ്യുന്നുണ്ടെന്ന ആക്ഷേപത്തിന്റെ നിജ സ്ഥിതി വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികളെ കച്ചവടം ചെയ്യാൻ അനുവദിക്കില്ലെന്ന ചില സംഘടനകളുടെ നിലപാടിനോട് സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രധാന ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികൾ വഴഞ്ഞു കയറുന്നുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഇ) ആരാധനാലയങ്ങളുടെ സമീപം വർഗ്ഗീയ ശക്തികൾ വിദ്വേഷ പ്രവർത്തനങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) ഇല്ല.

(ബി) സർക്കാർ ആരാധനാലയങ്ങളുടെ സമീപങ്ങൾ ഏറ്റെടുക്കുകയോ സ്വന്തം കൈക്കലാക്കുകയോ ചെയ്തിട്ടില്ല.

(സി) ക്ഷേത്രങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവട സമ്പ്രദായങ്ങൾ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ആരെങ്കിലും ഏർപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വങ്ങളുടെ സമീപത്ത് കച്ചവട സമ്പ്രദായങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നത് അതാത് ദേവസ്വങ്ങളും ദേവസ്വം ബോർഡുകളുമാണ്.

(ഡി&ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉത്തരവാദിത്വ ടൂറിസം പദ്ധതി

9(*69) <u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. കെ. ശിവദാസൻ നായർ</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. വൺഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ :

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly